കേരള സർക്കാർ

<u>സംഗ്രഹം</u>

ഉന്നത വിദ്യാഭ്യാസ വകുപ്പ് - സാങ്കേതികം - എഞ്ചിനീയറിംഗ് / മെഡിക്കൽ പ്രവേശനം - 2014 - മെഡിക്കൽ കോഴ്സുകളിൽ ചേരുന്നതിനായി വിടുതൽ ചെയ്ത എഞ്ചിനീയറിംഗ് വിദ്യാർത്ഥികളെ ലികിഡേറ്റഡ് ഡാമേജസിൽ നിന്നും ഒഴിവാക്കി കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉന്നത വിദ്യാഭ്യാസ (ജി) വകുപ്പ്

**സ.ഉ. (സാധാരണ) നം: 362/2015/ഉവിവ.** **തീയതി, തിരുവനന്തപുരം, 24.02.2015**

---

പരാമർശം:-1) സർക്കാർ ഉത്തരവ് ( എം.എസ് ) നം . 734/2013/ഉ.വി.വ , തീയതി : 18.12.2013

2) പ്രവേശന പരീക്ഷ കമ്മീഷണറുടെ കാര്യാലയത്തിലെ 23.12.2014 ലെ റ്റി എ1 - 4140/14/സി.ഇ.ഇ - നമ്പർ കത്ത്.

<u>ഉത്തരവ്</u>

ബഹു .സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ എഞ്ചിനീയറിംഗ് പ്രവേശന നടപടികൾ അവസാനിപ്പിക്കേണ്ട തീയതി 15.08.2014 ഉം മെഡിക്കൽ / അനുബന്ധ കോഴ്സുകളിൽ പ്രവേശന നടപടികൾ അവസാനിപ്പിക്കേണ്ടുന്ന തീയതി 31.10.2014 ആയിരുന്നു . എന്നാൽ എഞ്ചിനീയറിംഗ് പ്രവേശന നടപടികൾ 15.08.2014 ന് അവസാനിപ്പിച്ചതിനാൽ അതിനുശേഷം മെഡിക്കൽ /അനുബന്ധ കോഴ്സുകളിൽ അലോട്ട്മെന്റ് ലഭിച്ച് അഡ്മിഷൻ നേടിയ വിദ്യാർത്ഥികൾക്ക് റ്റി .സി യും സർട്ടിഫിക്കറ്റുകളും ലഭിക്കുന്നതിന് സൂചന (1) പ്രകാരം ലികിഡേറ്റഡ് ഡാമേജസ് അടയ്ക്കേണ്ടതുണ്ട് . സർക്കാർ / സർക്കാർ എയഡഡ് / സർക്കാർ നിയന്ത്രിത സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ അലോട്ട്മെന്റ് ലഭിച്ച് അഡ്മിഷൻ എടുത്തിട്ടുള്ള വിദ്യാർത്ഥികൾക്ക് 15.08.2014 ന് ശേഷം സർക്കാർ നടത്തുന്ന അലോട്ട്മെന്റിലൂടെ മെഡിക്കൽ /അനുബന്ധ കോഴ്സുകളിൽ അഡ്മിഷൻ ലഭിച്ചാൽ വിടുതൽ ചെയ്യുന്നതിന് ലികിഡേറ്റഡ് ഡാമേജസ് അടയ്ക്കേണ്ടതായി വരുമെന്നും അതിനാൽ അപ്രകാരം അഡ്മിഷൻ ലഭിക്കുന്ന വിദ്യാർത്ഥികളെ പ്രസ്തുത ലികിഡേറ്റഡ് ഡാമേജസിൽ നിന്ന് ഒഴിവാക്കണമെന്ന് സൂചന (2) പ്രകാരം പ്രവേശന പരീക്ഷ കമ്മീഷണർ അറിയിക്കുകയുണ്ടായി .

ഇക്കാര്യം സർക്കാർ വിശദമായി പരിശോധിക്കുകയും സർക്കാർ അലോട്ട്മെന്റ് ലഭിച്ച് മെഡിക്കൽ /അനുബന്ധ കോഴ്സുകളിൽ ചേരുന്ന സർക്കാർ / സർക്കാർ എയഡഡ് എഞ്ചിനീയറിംഗ് കോളേജുകളിൽ നിന്നുള്ള വിദ്യാർത്ഥികളെ പ്രസ്തുത ലികിഡേറ്റഡ് ഡാമേജസിൽ നിന്ന് ഒഴിവാക്കുകയും അവർ അടച്ച ട്യൂഷൻ ഫീസ് മടക്കി നൽകുന്നതിന് പ്രവേശന പരീക്ഷ കമ്മീഷണർക്ക് അനുവാദം നൽകി കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എം ഷെരീഫ്
ഗവ:അഡീഷണൽ സെക്രട്ടറി

സ്വീകർത്താവ്

പ്രവേശന പരീക്ഷ കമ്മീഷണർ , തിരുവനന്തപുരം .
സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ , തിരുവനന്തപുരം .
അക്കൌണ്ടന്റ് ജനറൽ ( എ &ഇ / ഓഡിറ്റ് ) , കേരള , തിരുവനന്തപുരം .
കരുതൽ ഫയൽ / ഓഫീസ് കോപ്പി .

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ